# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പ് 2015 – മൈക്ക് ഓർഡർ ലഭിക്കുന്നതിന് ഫീസ് അടയ്ക്കുന്നത് സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**നമ്പർ: 730/2015/സംതിക.** **തിരുവനന്തപുരം, തീയതി. 23.10.2015**

==================================================================

## ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2015 നവംബർ 2,5 തീയതികളിൽ നടക്കുകയാണ്. നവംബർ 2-ാം തീയതി തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലും നവംബർ 5-ാം തീയതി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലുമാണ് തിരഞ്ഞെടുപ്പ്.

2. തിരഞ്ഞെടുപ്പിന്റെ പ്രചാരണത്തിന് ഇതിനോടകം മൈക്ക് ഓർഡർ എടുക്കാൻ കഴിയാത്ത സ്ഥാനാർത്ഥികൾക്ക്, ഒക്ടോബർ 22, 23, 24, 25 തീയതികളിൽ ട്രഷറികൾക്ക് അവധിയായതിനാൽ, ഫീസടയ്ക്കുവാനോ മൈക്ക് ഓർഡർ എടുക്കുവാനോ കഴിയാത്ത സാഹചര്യം ഉള്ളതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി, സ്ഥാനാർത്ഥികൾക്ക് ഒക്ടോബർ 23, 24, 25 തീയതികളിൽ മൈക്ക് ഓർഡർ നൽകുന്നതിന് അധികാരമുള്ള ഉദ്യോഗസ്ഥൻ മുമ്പാകെ പ്രസ്തുത ഫീസടയ്ക്കാവുന്നതാണെന്നും പ്രസ്തുത ഉദ്യോഗസ്ഥൻ ഫീസ് കൈപ്പറ്റിയതിന്റെ രസീത് റ്റി.ആർ.5 ഫാറത്തിൽ നൽകിയതിനു ശേഷം അപേക്ഷയിൻമേൽ തുടർനടപടി സ്വീകരിക്കേണ്ടതാണെന്നും ഇപ്രകാരം സ്വീകരിക്കുന്ന തുക ഒക്ടോബർ 26-ാം തീയതി തന്നെ ബന്ധപ്പെട്ട ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

**പി. ഗീത**
**സെക്രട്ടറി**

സംസ്ഥാന പോലീസ് മേധാവി.
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർ.
എല്ലാ ജില്ലാ പോലീസ് മേധാവികൾ.
എല്ലാ സിറ്റി പോലീസ് കമ്മീഷണർമാർ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:-

എല്ലാ നോഡൽ ഓഫീർമാർ.
സീനിയർ ഫിനാൻസ് മാനേജർ
ലാ ഓഫീസർ
പബ്ലിക്ക് റിലേഷൻസ് ഓഫീസർ
കമ്പ്യൂട്ടർ പ്രോഗ്രാമർ
സെക്ഷൻ ഓഫീസർമാർ / സെക്ഷനുകൾ
കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം

ഒപ്പ്
സെക്ഷൻ ഓഫീസർ